RCS/2274/2020-G(3)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
ജവഹർ സഹകരണ ഭവൻ,
ഡി.പി.ഐ ജംഗ്ഷൻ
തിരുവനന്തപുരം -14
ഫോൺ 0471-2330825
ഇ-മെയിൽ keralarcs.coop@kerala.gov.in
www.cooperation.kerala.gov.in
തീയതി: **01.02.2022**

## സർക്കുലർ നമ്പർ. 04/2022

വിഷയം :- സഹകരണ വകുപ്പ് - കോവിഡ് 19 മൂന്നാം തരംഗം പ്രതിരോധ പ്രവർത്തനങ്ങൾ - രോഗവ്യാപനം തടയുന്നത് - സംബന്ധിച്ച്.

കോവിഡ്-19 മഹാമാരിയ്ക്കെതിരെ സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും വികസിത രാജ്യങ്ങളെക്കാൾ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങളും, എല്ലാ വിഭാഗം ജനങ്ങൾക്കും ഭക്ഷണവും മറ്റ് സഹായങ്ങളും എത്തിക്കുന്നതിന് സംസ്ഥാന സർക്കാർ പരമാവധി പരിശ്രമിക്കുകയാണ്. പ്രതിസന്ധി കാലങ്ങളിൽ സാമൂഹ്യ പ്രതിബദ്ധത പുലർത്തുന്നതിൽ കേരളത്തിലെ സഹകരണ പ്രസ്ഥാനം എല്ലാകാലത്തും മാതൃകാപരമായ പ്രവർത്തനം കാഴ്ചവെച്ചിട്ടുണ്ട്. കോവിഡ്-19 മൂന്നാം തരംഗത്തിന്റെ ഈ കാലയളവിലും സഹകരണ മേഖലയുടെ സാമൂഹ്യ പ്രതിബദ്ധത നിർവഹിക്കുന്നതിന് ചുവടെ നിർദ്ദേശിക്കുന്ന രീതിയിൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന സഹകരണ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാവുന്നതാണെന്ന് അറിയിക്കുന്നു.

1. ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ (നീതി മെഡിക്കൽ സ്റ്റോർ/ആശുപത്രികൾ/ലാബുകൾ) പ്രവർത്തനത്തിൽ ആവശ്യമായ മാറ്റങ്ങൾ അനിവാര്യമാണെങ്കിൽ പൊതു ജനങ്ങളുടെ സൗകര്യാർത്ഥം ആയത് നടപ്പിൽ വരുത്തേണ്ടതാണ്.

2. പ്രാദേശിക സർക്കാർ, ആരോഗ്യ വകുപ്പ്, ദുരന്ത നിവാരണ അതോറിട്ടി എന്നിവരുടെ നിർദ്ദേശ പ്രകാരം സഹകരണ ആശുപത്രികൾ കോവിഡ് 19 രോഗികൾക്ക് കുറഞ്ഞ ചിലവിൽ ഐ.സി.യു, ഓക്സിജൻ ബെഡ് അടക്കം മികച്ച ചികിത്സാ സൗകര്യങ്ങൾ നൽകേണ്ടതും കിടത്തി ചികിത്സാ സൗകര്യമില്ലാത്ത സഹകരണ ആശുപത്രികൾ ടെലിമെഡിസിൻ സൗകര്യത്തോടെ പ്രാഥമിക ചികിത്സാ കേന്ദ്രങ്ങളായി പ്രവർത്തിക്കേണ്ടതാണ്.

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആരംഭിച്ചിട്ടുള്ള കമ്മ്യൂണിറ്റി കിച്ചണുകൾക്കാവശ്യമായ ധനസഹായം നൽകുന്നതിലേയ്ക്ക് അതാത്

സഹകരണ സ്ഥാപനങ്ങളുടെ സാമ്പത്തിക ശേഷിക്കനുസരിച്ച് ഭരണ സമിതി തീരുമാനത്തിന് വിധേയമായി പൊതുനൻമാ ഫണ്ടിൽ നിന്നും തുക ചെലവഴിക്കാവുന്നതാണ്.

4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ആവശ്യമുള്ള സ്ഥലങ്ങളിൽ ആംബുലൻസ് സർവ്വീസുകൾ, ഹെൽപ് ഡെസ്ക്, ലാബുകളുടെ സേവനം, മരുന്നുകൾ എന്നിവ നൽകുന്നതിനായി അതാത് സഹകരണ സ്ഥാപനങ്ങളുടെ സാമ്പത്തിക ശേഷിക്കനുസരിച്ച് ഭരണ സമിതി തീരുമാനത്തിന് വിധേയമായി പൊതുനൻമാ ഫണ്ടിൽ നിന്നും തുക ചിലവഴിക്കാവുന്നതാണ്.

(ഒപ്പ്)
എം. ബിനോയ് കുമാർ
സഹകരണ സംഘം രജിസ്ട്രാർ ഇൻ ചാർജ്ജ്

പകർപ്പ്:-

1. ഗവൺമെന്റ് സെക്രട്ടറി, സഹകരണ വകുപ്പ്,
2. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം,
3. എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) എന്നിവർക്ക്,
4. ബന്ധപ്പെട്ട അപ്പെക്സ് സഹകരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മാനേജിംഗ് ഡയറക്ടർ, കൺകരന്റ് ആഡിറ്റർ എന്നിവർക്ക്,
5. എല്ലാ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന,
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും,
7. മറ്റ് ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് (അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മുഖാന്തിരം,
8. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം,
9. സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും,
10. എഡിറ്റർ, സഹകരണ വീഥി,
11. സർക്കുലർ ബുക്ക്/സ്റ്റോക്ക് ഫയൽ/വെബ് സൈറ്റ്.

// ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)